## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1887** — **10.03.2020-ൽ മറുപടിയ്ക്ക്**

## അനധികൃത മരുന്ന് വിൽപ്പന

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**
**,, പി.ജെ.ജോസഫ്**
**,, സി.എഫ്.തോമസ്**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് വ്യാജ മരുന്ന് കച്ചവടം നിയന്ത്രിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യാജ, അനധികൃത, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ പ്രത്യേക വിഭാഗം ഏർപ്പെടുത്തുമോ;

എ) സംസ്ഥാനത്തെ വിപണിയിൽ വ്യാജമരുന്നുകൾ ഇല്ലയെന്ന് കേന്ദ്ര സർക്കാർ നിയമിച്ച മഷേൽക്കർ കമ്മിറ്റി റിപ്പോർട്ട്, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ബയോളജിക്കൽസിന്റെ സർവേ റിപ്പോർട്ട് എന്നിവ മുഖേന തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ രാജ്യത്ത് GST സമ്പ്രദായം നിലവിൽ വന്നതോടെ പ്രമുഖ മരുന്ന് നിർമ്മാതാക്കളുടെ അംഗീകൃത വ്യാപാര വിതരണ ശൃംഖലയിലൂടെയല്ലാതെ ഇതര സംസ്ഥാന വിതരണക്കാരിലൂടെ പ്രമുഖ ബ്രാൻഡുകൾ വിപണിയിൽ ലഭ്യമാകുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഇത്തരം സംഭരണ രീതി നിയമ വിരുദ്ധമല്ലെങ്കിലും വ്യാജ മരുന്നുകൾ വിപണിയിൽ എത്താതിരിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇതര സംസ്ഥാന വിതരണക്കാരിൽ നിന്നും മരുന്നുകൾ വാങ്ങുന്നത് നിരുൽസാഹപ്പെടുത്തുന്നുണ്ട്. വിപണിയിൽ എത്തുന്ന മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിൽ ഗുണനിലവാരം നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വിഭാഗം ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിക്കുകയും പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളിലേയ്ക്ക് അയക്കുകയും ചെയ്യുന്നുണ്ട്. വ്യാജമരുന്നുകൾ വിപണിയിൽ ലഭ്യമാകുന്നില്ലായെന്ന്

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം നിരീക്ഷണത്തിലൂടെ ഉറപ്പാക്കുന്നുണ്ട്. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ പ്രത്യേക വിഭാഗം ഏർപ്പെടുത്തുന്നത് തത്കാലം പരിഗണനയിലില്ല.

**ബി)** ഗുണമേന്മ കുറഞ്ഞതും ശരിയായ അളവിൽ രാസചേരുവകൾ ചേർക്കാത്തതുമായ അനധികൃത മരുന്നു വിൽപ്പന നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

**ബി)** ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പു വരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാംമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനം മൂലവും നിശ്ചിത ഗുണനിലവാരത്തിൽ നിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്, ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ

വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്നുകളെ സംബന്ധിച്ച തുടർ അന്വേഷണം നടത്തി കേന്ദ്ര ഗവൺമെന്റ് ഇത് സംബന്ധിച്ച് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും, അപാകതകൾ പരിഹരിച്ചെടുക്കുന്നതിനുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വിൽപ്പന നിർത്തിവെയ്ക്കുകയും ടി മരുന്നുകളുടെ വിതരണ ശൃംഖല ട്രേസ് ചെയ്ത് ആയത് എവിടെനിന്നെല്ലാം വാങ്ങി എന്നതിനെ കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർ നടപടികൾ ആരംഭിക്കുന്നു. കൂടാതെ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ് വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും, ആശുപത്രികൾ, മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുന്നുണ്ട്.

**സി)** നിയമപരമായി അനുമതിയില്ലാതെ ഓൺലൈൻ മരുന്ന് വിൽപ്പനയും വ്യാജ കുറിപ്പടിയുടെ മറവിൽ മരുന്ന് വാങ്ങുന്ന രീതിയും കേരളത്തിൽ സജീവമാണെന്ന വസ്തുത മനസ്സിലാക്കി ഡ്രഗ്സ് കൺട്രോളർ വഴി അനധികൃത മരുന്ന് വിൽപ്പനക്കാർക്കെതിരെ കർശന നടപടി നടത്തുവാൻ തയ്യാറാകുമോ;

**സി)** രാജ്യത്ത് മരുന്നുൽപ്പാദനവും, വിപണനവും നിയന്ത്രിക്കുന്നത് കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റ് 1940-ഉം അതിന്റെ കീഴിലുള്ള ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945 പ്രകാരവുമാണ്. പ്രസ്തുത നിയമങ്ങൾ പ്രകാരം മരുന്നുകളുടെ ഓൺലൈൻ വിൽപ്പന രാജ്യത്ത് എങ്ങും അനുവദിച്ചിട്ടില്ല. എന്നാൽ രാജ്യത്ത് വ്യാപകമായി ഓൺലൈൻ വ്യാപാരം നടത്തിവരുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, മറ്റ് വിദേശ രാജ്യങ്ങളിൽ അംഗീകൃതമായി ഓൺലൈൻ

| | |
|---|---|
| | മുഖേന മരുന്ന് വ്യാപാരം നടത്തുന്ന മാതൃകയിൽ ഈ രാജ്യത്തും ഓൺലൈൻ മരുന്നുവ്യാപാരം നിയന്ത്രണപരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ൽ ഭേദഗതികൾ വരുത്തുന്നതിലേയ്ക്കായി കരട് നിയമം 2018-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമമായി പ്രാബല്യത്തിൽ വന്നിട്ടില്ല. വ്യാപകമായ ഓൺലൈൻ മരുന്നുവ്യാപാരം നടന്നു വരുന്നുവെന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഓൺലൈൻ മരുന്നു വ്യാപാരം സംബന്ധിച്ച് ഊർജിതമായി അന്വേഷണം നടത്തുകയുണ്ടായി. നെററ്മെഡ് ഇന്റർനാഷ്ണൽ, മെഡ് മാർക്ക്, ഫാർമഈസി, 1mg എന്നീ പേരുകളോടുകൂടി ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ എല്ലാം ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് പ്രവർത്തനം നടത്തുന്നതെന്നും ഇവയിൽ മിക്കവയും ഡോക്ടറുടെ യഥാർത്ഥ കുറിപ്പടിയില്ലാതെയാണ് മരുന്നു വില്പന നടത്തുന്നതെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളർമാർക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ സംസ്ഥാനങ്ങളിലൊന്നും നാളിതുവരെ ഇവ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചതായി കണ്ടെത്തിയിട്ടില്ല. കേരള സംസ്ഥാനത്ത് ഇത്തരത്തിൽ മരുന്നു വ്യാപാരം നടത്തിവന്ന ഒരു സ്ഥാപനത്തിന്റെ (മെഡ് ലൈഫ് ഇന്റർനാഷ്ണൽ) മരുന്നു വ്യാപാര ലൈസൻസ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് 2019-ൽ എന്നന്നേയ്ക്കുമായി റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |
| **ഡി)** സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണ്ടത്ര ജീവനക്കാരില്ലാതെ ഒരു | **ഡി)** സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണ്ടത്ര ജീവനക്കാരില്ലാതെ ഒരു |

| | |
|---|---|
| പരിശോധനയും നടത്താതെ വ്യാജ മരുന്നു ലോബിയെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷണം നടത്തുമോ; | പരിശോധനയും നടത്താതെ വ്യാജ മരുന്നു ലോബിയെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| **ഇ)** വ്യാജ മരുന്നുകൾ നിരവധി പാർശ്വ ഫലങ്ങൾ രോഗികൾക്ക് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ? | **ഇ)** സംസ്ഥാനത്ത് വ്യാജ മരുന്നുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**